(ഡി) പുതിയ കമ്പനികൾ വരുന്നതനുസരിച്ച് ബാക്കിയുള്ള സ്ഥലം വാടകയ്ക്ക് നൽകി കൊണ്ടിരിക്കുന്നു. കമ്പനികളെ ടെക്നോപാർക്കിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനത്തെ തൊഴിലവസരങ്ങൾ

38 (1230) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും എത്ര തൊഴിലവസരങ്ങൾ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) 2001 ഏപ്രിൽ 30-ാം തീയതി വരെ സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2002-ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ പൊതുമേഖലയിലും, പത്തും അതിൽ കൂടുതലും ആളുകൾ തൊഴിൽ ചെയ്യുന്ന സ്വകാര്യമേഖലയിലും ഉള്ള ആകെ തൊഴിലവസരങ്ങളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

	പൊതുമേഖല	സ്ഥാപനങ്ങളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം
1.	കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ	308	99497
2.	സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ	5699	288270
3.	കേന്ദ്ര അർദ്ധസർക്കാർ സ്ഥാപനങ്ങൾ	2306	85102
4.	സംസ്ഥാന അർദ്ധസർക്കാർ സ്ഥാപനങ്ങൾ	1000	139810
5.	തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ	1332	26329
	ആകെ	11445	638008

	സ്വകാര്യ മേഖല	സ്ഥാപനങ്ങളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം
1.	ആക്ട് എസ്റ്റാബ്ലിഷ്മെന്റ്	4358	433500
2.	നോൺ ആക്ട് എസ്റ്റാബ്ലിഷ്മെന്റ്	7851	142495
	ആകെ	12209	576995

LIBRARY ARCHIVES Kerala Legislative Assembly

(ബി) 30-4-2001-ലെ കണക്ക് അനുസരിച്ച് സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം 4201065 ആണ്.

ലേബർ അജണ്ട നടപ്പാക്കൽ

39 (1231) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ പ്രഖ്യാപിച്ച ലേബർ അജണ്ട നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ട്രേഡ് യൂണിയനുകളുടെ അഭിപ്രായം കണക്കിലെടുത്ത് ലേബർ അജണ്ട നടപ്പാക്കാൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) ലേബർ അജണ്ടയിൽ പ്രതിപാദിക്കപ്പെട്ട മിക്ക കാര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള "തൊഴിൽ നയം" ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട്. ട്രേഡ് യൂണിയൻ നേതാക്കൾ, രാഷ്ട്രീയ പാർട്ടി നേതാക്കൾ തൊഴിലുടമ പ്രതിനിധികൾ തുടങ്ങിയവരുമായി വിശദമായി ചർച്ച നടത്തി അഭിപ്രായം സ്വരൂപിച്ചശേഷമാണ് തൊഴിൽനയത്തിന് അന്തിമരൂപം നൽകിയിട്ടുള്ളത്.

അസംഘടിത മേഖലയിലുള്ള പീടികത്തൊഴിലാളികൾക്ക് ക്ഷേമനിധി

40 (1232) ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലയിലുള്ള 19 ലക്ഷത്തോളം വരുന്ന പീടികത്തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുമെന്ന് പ്രഖ്യാപനം നടന്നിട്ട് ഒന്നരവർഷമായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ക്ഷേമനിധി എന്ന് നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. കേരളത്തിലെ കടകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്കായി ഒരു ക്ഷേമനിധി രൂപവൽക്കരിക്കുന്നതിനുള്ള കരട് ബിൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) ഇത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly